പത്രസമ്മേളനം നടത്തി പറഞ്ഞു. കുപ്രസിദ്ധനായ ഈ ഡിവൈ.എസ്.പി.യുടെ പേരിൽ നിരവധി കേസുകളുണ്ട്. അതുകൊണ്ട് അയാളെ ഇതിൽ നിന്നും ഒഴിവാക്കുകയാണ് എന്ന്. ഇതിൽ സാർവ്വത്രികമായി കുഴപ്പമാണ്. അങ്ങ് ആഭ്യന്തര വകുപ്പമന്ത്രിയല്ലേ; On the spot-ൽ സസ്പെന്റ് ചെയ്യാം. ഒരു കുഴപ്പവുമില്ല. പിന്നീട് റീ-ഇൻസ്റ്റേറ്റ് ചെയ്യാം. അങ്ങ് എന്താണ്ണ് അത് ചെയ്യാത്തത്. സസ്പെന്റ് ചെയ്യാൻ എന്താണ് തടസ്സം?

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ശ്രീ. സി. ദിവാകരന്റെ ഉൾപ്പെടെ മൂന്ന് എം.എൽ.എ.മാരുടെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട സംഭവമാണ്. അട്ടൂർ, കരുനാഗപ്പള്ളി, കുന്നത്തൂർ. ശ്രീ. കോവൂർ കുഞ്ഞുമോനും ഇക്കാര്യം സംസാരിച്ചിരുന്നു. ഐ.ജി.യുടെ റിപ്പോർട്ടിനായി വെയ്റ്റ് ചെയ്യുകയാണ്. റിപ്പോർട്ട് കിട്ടിയതിനുശേഷം എന്തെങ്കിലും നടപടി ആവശ്യമുണ്ടെങ്കിൽ തീർച്ചയായും എടുക്കും. ഒരു സംശയവും വേണ്ട. പ്രാഥമികമായി ആ ഉദ്യോഗസ്ഥനെ ട്രാൻസ്ഫർ ചെയ്യുവെന്നുമാത്രമേയുള്ളൂ.

(20) പലകപ്പാണ്ടി മിനി ഡൈവേർഷൻ സ്കീം

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> സർ, 2005-ൽ പണി ആരംഭിച്ച് 2008-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചതാണ് എന്റെ മണ്ഡലത്തിലെ പലകപ്പാണ്ടി പദ്ധതി. നിരവധി തടസ്സങ്ങൾ പൂർത്തീകരിച്ച് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ പോകുകയാണ്. ജനുവരി അവസാനമോ അല്ലെങ്കിൽ ഫെബ്രുവരി ആദ്യമോ ഡേറ്റ് നിശ്ചയിച്ച് ബഹുമാന്യനായ മുഖ്യമന്ത്രിയെ ഉൾപ്പെടെ പങ്കെടുപ്പിച്ച് ഈ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം എന്നതാണ് എന്റെ ആവശ്യം.

ജലവിഭവ വകുപ്പമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): സർ, ബഹുമാന്യനായ മെമ്പർ ഇതു സംബന്ധിച്ച് പറഞ്ഞുകഴിഞ്ഞു. ഈ പദ്ധതി നാല് റീച്ചുകളിലായാണ് ചെയ്യാനുദ്ദേശിച്ചത്. മൂന്ന് റീച്ചിന്റെ പണി പൂർത്തിയായി. നാലാമത്തെ റീച്ച് കരാറുകാരൻ ഉപേക്ഷിച്ചിട്ടുപോയി. നഷ്ടോത്തരവാദത്തിൽ പ്രവൃത്തി അവസാനിപ്പിക്കേണ്ടി വന്നു. ബാക്കിയുള്ള പ്രവൃത്തി 14-12-2012-ന് പുതിയ കരാറുകാരന് നൽകി ആ പണിയും ഏകദേശം എഴുപത് ശതമാനം പൂർത്തിയായിട്ടുണ്ട്. എന്നാൽ മണ്ണിടിച്ചിൽ തടയുന്നതിനുള്ള പണി നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. ഫെബ്രുവരി മാസത്തിൽ അത് ഉദ്ഘാടനം ചെയ്യും.

(21) ക്ഷേമപെൻഷൻ കുടിശ്ശിക

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, കേരളത്തിലെ കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചത്. എന്നാൽ ഇന്ന് അത് കർഷകത്തൊഴിലാളിക്ക് ഒരു ശാപമായി മാറിക്കൊണ്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിയാണുള്ളത്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേരുകയും അംശദായം അടച്ചുവരികയും ചെയ്തുവന്നിരുന്ന ഏകദേശം 3,01,598 ആളുകൾ വ്യത്യസ്ത ആനുകൂല്യങ്ങൾക്കുവേണ്ടി അപേക്ഷകൾ സമർപ്പിച്ചിരിക്കുകയാണ്. ആ അപേക്ഷകർക്ക് കൊടുക്കാൻ വേണ്ടി 234.35 കോടിരൂപ വേണ്ടിവരുമെന്നാണ് ക്ഷേമനിധി ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. അഞ്ച് നയാപൈസ ഇതുവരെ കൊടുത്തിട്ടില്ല. മനുഷ്യാവകാശ കമ്മീഷൻപോലും ഇടപെട്ടിട്ടും കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി അംശദായം അടയ്ക്കുകയും വിവിധ ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്ത ആളുകൾക്ക് ആനുകൂല്യം ലഭിക്കുന്നില്ലെന്നുള്ളത് വളരെ ദയനീയമായ ഒരവസ്ഥയാണ്. അതോടൊപ്പംതന്നെ അപേക്ഷ കൊടുത്ത പലയാളുകളുടെയും ജീവിതം അവസാനിക്കുകയും ചെയ്തു. അതുപോലെതന്നെ പെൻഷനും ലഭിക്കാത്ത സ്ഥിതി വന്നിരിക്കുകയാണ്. അതുകൊണ്ട് ലക്ഷക്കണക്കിന് വരുന്ന കർഷകത്തൊഴിലാളികളെ സംരക്ഷിക്കാൻവേണ്ടി രൂപീകരിച്ച ക്ഷേമനിധി ബോർഡിന്റെ ഫണ്ടം ആ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള ആളുകൾക്ക് ലഭിക്കാൻ അടിയന്തരമായി സർക്കാർ ഇടപെട്ട് ക്ഷേമനിധി ബോർഡിന് പണം കൊടുക്കാൻ തയ്യാറാകണമെന്നാണ് സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആദ്യഭാഗം ശരിയാണ്. ആനുകൂല്യം മുടങ്ങിയിട്ടുണ്ട്. എന്നാൽ പെൻഷൻ മുടങ്ങിയിട്ടില്ല. കർഷകത്തൊഴിലാളി പെൻഷൻ നവംബർ 30 വരെ കൊടുത്തിട്ടുണ്ടെന്നാണ് എനിക്ക് ലഭിച്ചിട്ടുള്ള വിവരം. അത് കൃത്യമായി അതാത് മാസം കൊടുത്തുപോകുകയാണ്. 234.35 കോടിരൂപ കുടിശ്ശിക എന്നുള്ളത് ശരിയാണ്. ബോർഡ് കൊടുക്കാനുള്ളതാണ്. ബോർഡ് പണം കണ്ടെത്തണ്ടേ; പ്രതിവർഷ വരുമാനം 7 കോടി രൂപ, ചെലവ് 40 കോടി രൂപ എന്നിങ്ങനെയാണ്. ഇതാണ് ബോർഡിന്റെ സ്ഥിതി. ഇതുവച്ച് ഒരിക്കലും മുന്നോട്ടുപോകാൻ കഴിയുകയില്ല. തൊഴിലാളി വിഹിതമായിട്ട് പ്രതിമാസം പിരിക്കുന്നത് 5 രൂപ, പ്രതിവർഷം 60 രൂപ. പിരിഞ്ഞുപോകുന്ന തൊഴിലാളിക്ക് പ്രതിവർഷം കൊടുക്കുന്നത് 625 രൂപയാണ്. ഇങ്ങനെ വരുമ്പോൾ ഏത് മാന്ത്രികവിദ്യയിൽ ഇത് മീറ്റ് ചെയ്യാൻ പറ്റുമെന്നുള്ളത് എനിക്ക് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. ഇതെല്ലാം ഗവൺമെന്റിന്റെ ബാദ്ധ്യതയാണെന്നാണ് പറയുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് ഒരിക്കൽ വൺടൈം ഹെൽപ്പ് കൊടുത്തിട്ടുണ്ട് എന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ ക്ഷേമനിധി ബോർഡുകൾ സ്വയംപര്യാപ്തമാകണം. അതിന് തൊഴിലാളിവിഹിതം അഞ്ചുരൂപ എന്നുപറയുന്നത് ഈ കാലഘട്ടത്തിൽ കേട്ടുകേൾവിയില്ലാത്തതാണ്. ബാക്കി പല ബോർഡുകളിലെയും തൊഴിലാളിവിഹിതം 50 രൂപയാണ്. 50 രൂപ ആക്കണമെന്നല്ല, 20 രൂപയാക്കാൻ പറഞ്ഞിട്ടുപോലും വലിയ എതിർപ്പ് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, ഇതിൽ കർഷകന്റെ കോൺട്രിബ്യൂഷനില്ലേ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഞാൻ ഡീറ്റെയിൽഡായി പറയാം. 5 രൂപ എന്നുള്ളത് കൂട്ടാൻ തൊഴിലാളി സംഘടനകളുടെ പ്രതിനിധികൾ സമ്മതിക്കുന്നില്ല. അത് ഗണ്യമായി കൂട്ടിയേ പറ്റൂ. ബോർഡ് സ്വയംപര്യാപ്തമാകണം. വൺടൈം അസിസ്റ്റൻസ് കൊടുത്താൽപ്പോലും രണ്ടുകാലിൽ നിൽക്കുന്ന നിലയിലേയ്ക്ക് വരണം. ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞത് ഭൂവുടമാ വിഹിതത്തിന്റെ കാര്യമാണ്. ഭൂവുടമാ വിഹിതം പരിഷ്കരിച്ചു. പരിഷ്കരിച്ചത് സദുദ്ദേശ്യത്തോടുകൂടിയാണ്. പക്ഷേ നിയമത്തിന്റെ അമെന്റ്മെന്റ് പാസ്സായി wordings വന്നപ്പോൾ നേരത്തേ കിട്ടിക്കൊണ്ടിരുന്ന വരുമാനംപോലും ലഭിക്കാത്ത അവസ്ഥയുണ്ടായി. അന്നത്തെ പരിഷ്കാരംകൊണ്ട് ഭൂവുടമാ വിഹിതം കുറഞ്ഞു. ലേബർ ഡിപ്പാർട്ടുമെന്റ് ഒരു പ്രൊപ്പോസൽ തയ്യാറാക്കി കൊടുത്തിട്ടുണ്ട്. പണ്ട് കടന്നുകൂടിയ അപാകതകൾ പരിഹരിച്ചുകൊണ്ട് തൊഴിലാളി വിഹിതവും ഭൂവുടമാ വിഹിതവും ഗണ്യമായി വർദ്ധിപ്പിക്കുന്ന നിലയിലേയ്ക്ക് പോകണം. 40 കോടി രൂപയുള്ള മാർഗ്ഗം കണ്ടെത്തേണ്ടിയിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സർക്കാർ വിഹിതം കൊടുക്കുന്നില്ലേ?

ശ്രീ. ഷിബു ബേബി ജോൺ: സർ, കർഷകത്തൊഴിലാളി പെൻഷൻ പൂർണ്ണമായും ഗവൺമെന്റ് കൊടുക്കുന്നതാണ്. സർക്കാർ വിഹിതം നമുക്ക് തീർച്ചയായും വാങ്ങിച്ചെടുക്കാം. പക്ഷേ അതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നില്ല. ഏഴു കോടി രൂപയുടെ വിഹിതം മാത്രമാണ് ലഭിക്കുന്നത്. സർക്കാർ വിഹിതം എന്നുപറയുമ്പോൾ ഒരു നോമിനൽ എമൗണ്ട് മാത്രമാണ് വരുന്നത്.

(22) എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് തൊഴിൽ ആനുകൂല്യങ്ങൾ

ശ്രീമതി ഗീതാ ഗോപി: സർ, തൃശ്ശൂർ കളക്ടറേറ്റ് കോമ്പൗണ്ടിൽ അഗ്രി-ഹോർട്ടികൾച്ചർ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്നേക്ക് പാർക്കിലെ നഴ്സറി, കാന്റീൻ എന്നീ സ്ഥാപനങ്ങളിൽ 15 മുതൽ 35 വർഷം വരെ ജോലി നോക്കുന്ന എസ്.സി./എസ്.റ്റി വിഭാഗം തൊഴിലാളികളുണ്ട്. ഇവർക്ക് ഇതുവരെയും നിയമാനുസൃതമായ ആനുകൂല്യങ്ങളോ മറ്റ് തൊഴിൽ നിയമങ്ങളോ ഒന്നും അനുകൂലമായി നടക്കുന്നില്ല. മാനേജ്മെന്റ് വർഷങ്ങളായി തൊഴിലാളികളെ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് നിയമം അനുശാസിക്കുന്ന ന്യായമായ വേതനമോ കാലാനുസൃതമായ വേതനമോ ഈ സാഹചര്യത്തിൽ നൽകുന്നില്ല. ഇതിൽ ഇടയ്ക്ക് എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട രണ്ട് വനിതാ ജീവനക്കാർ ഭക്ഷണം കഴിക്കാൻ ഉച്ചയ്ക്ക് പോയി, സമയം വൈകി എന്ന